## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5060** **20-07-2022 - ൽ മറുപടിയ്ക്ക്**

## മണലൂർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിന്റെ പരിധിയിലുള്ള വില്ലേജ് ഓഫീസുകളിൽ സ്വന്തമായി കെട്ടിടമുള്ളവയുടെയും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുടെയും വിവരങ്ങൾ നൽകാമോ; | (എ) | മണലൂർ മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തൃശ്ശൂർ താലൂക്കിൻ കീഴിലെ മണലൂർ, കാരമുക്ക് എന്നീ വില്ലേജ് ഓഫീസുകൾക്കും എറവ്-പരയ്ക്കാട്, മനക്കൊടി-വെളുത്തൂർ എന്നീ ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾക്കും ചാവക്കാട് താലൂക്കിൻ കീഴിലെ വാടാനപ്പള്ളി വില്ലേജ് ഓഫീസിനും എളവള്ളി-ബ്രഹ്മകുളം, തൈക്കാട്-ചാവക്കാട്, മുല്ലശ്ശേരി-അന്നക്കര, വെങ്കിടങ്ങ്-കുണ്ടഴിയൂർ-ഇരിമ്പ്രാനെല്ലൂർ എന്നീ ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾക്കും കുന്നംകുളം താലൂക്കിൻ കീഴിലെ ഇയ്യാൽ-ചിറനെല്ലൂർ ഗ്രൂപ്പ് വില്ലേജ് ഓഫീസിനും ചൂണ്ടേൽ, എറനെല്ലൂർ, ആളൂർ, കണ്ടാണശ്ശേരി എന്നീ വില്ലേജ് ഓഫീസുകൾക്കും സ്വന്തമായി കെട്ടിടമുണ്ട്.<br><br>മണലൂർ മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ചാവക്കാട് താലൂക്കിലെ പാവറട്ടി- വെണ്മനാട് ഗ്രൂപ്പ് വില്ലേജ് ഓഫീസ് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | മണലൂർ മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ചാവക്കാട് താലൂക്കിലെ പാവറട്ടി-വെണ്മനാട് ഗ്രൂപ്പ് വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 44 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതും കെട്ടിട നിർമ്മാണത്തിനായി കേരള വാട്ടർ അതോറിറ്റി/ പാവറട്ടി ഗ്രാമപഞ്ചായത്ത്-ന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; ഇതിനായുള്ള പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണ് ; വിശദാംശം നൽകാമോ? | (സി) | മണലൂർ മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ചാവക്കാട് താലൂക്കിലെ പാവറട്ടി-വെണ്മനാട്, എറവ്-പരയ്ക്കാട്, മുല്ലശ്ശേരി-അന്നക്കര എന്നീ ഗ്രൂപ്പ് വില്ലേജുകൾക്ക് പ്ലാൻ സ്കീം പ്രകാരവും ഇയ്യാൽ-ചിറനെല്ലൂർ ഗ്രൂപ്പ് വില്ലേജിന് റീബിൽഡ് കേരള |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരവും സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ എറവ്-പരയ്ക്കാട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി 44 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിട്ടുള്ളതും പൊതുമരാമത്ത് വകുപ്പ് ടെണ്ടർ നടപടി പൂർത്തീകരിക്കുകയും പദ്ധതി പ്രദേശത്തെ മരങ്ങൾ മുറിച്ചു നീക്കി നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാവറട്ടി-വെണ്മനാട് ഗ്രൂപ്പ് വില്ലേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി/പാവറട്ടി ഗ്രാമപഞ്ചായത്ത് -ന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നുണ്ട്. മുല്ലശ്ശേരി- അന്നക്കര ഗ്രൂപ്പ് വില്ലേജ് ഓഫീസ് സ്മാർട്ട് ഓഫീസായി നവീകരിക്കുന്നതിനായി 14.46 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിട്ടുള്ളതും പൊതുമരാമത്ത് വകുപ്പ് ടെണ്ടർ നടപടി പൂർത്തീകരിക്കുകയും പദ്ധതി പ്രദേശത്തെ മരങ്ങൾ മുറിച്ചു നീക്കി നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇയ്യാൽ-ചിറനെല്ലൂർ ഗ്രൂപ്പ് വില്ലേജിന്റെ പുതിയ കെട്ടിടം നിർമ്മാണം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നിർവഹിച്ചു വരുന്നതും നിലവിൽ ടി നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ